**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ - 604**

**09/02/2016 ൽ മറുപടിയ്ക്ക്**

**ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി**

**ചോദ്യം**
**ശ്രീ.ഇ.കെ.വിജയൻ**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവുംവകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിനും അടച്ചു പൂട്ടിയ ഖാദി യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദ മാക്കാമോ

(എ) ഖാദി വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം, സ്പെയർപാട്സ് വാങ്ങൽ, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, റെഡിമെയ്ഡ് പാവ് യൂണിറ്റ് സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ് നൽകൽ, ഖാദി സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റ്, ഏറ്റുക്കുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിന്റെ വിപുലീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഖാദി മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി തറികളുടേയും ചർക്കകളുടേയും ആധുനീക വൽക്കരണത്തിനു വേണ്ടി ഈ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച ശ്രീ.പി.ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ 29.46 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകുകയും 15.21 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. വ്യത്യസ്ത ശീർഷകങ്ങളിൽപ്പെടുത്തി പദ്ധതി ഇനത്തിൽ കൂടുതൽ തുക

അനുവദിച്ച് ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെന്നൈ IIT യുടെ സാങ്കേതിക സഹായത്തോടെ ഉല്പാദക ഉപകരണങ്ങളായ ചർക്കകളുടേയും തറികളുടേയും ആധുനീക വല്ക്കരണം ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം ഖാദി ക്ലസ്റ്റർ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് നൽകി വരുന്ന ഉല്പാദന ഇൻസെന്റീവ് ഇരട്ടിയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഖാദി മേഖലയിൽ മിനിമം വേതനം ഫലപ്രദമായി നടപ്പിലാക്കിയത് 2011 മുതലാണ്. സംസ്ഥാനത്തെ ഖാദി തൊഴിലാളി കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 01/04/2014 മുതൽ ഖാദി തൊഴിലാളി കളെ ഇ.എസ്.ഐ പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. മെച്ചപ്പെട്ട ആനു കൂല്യങ്ങൾ ലഭ്യമായി തുടങ്ങിയ തോടെ കൂടുതൽ തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നു വരുന്നുണ്ട്. ഇതുമൂലം കൂടുതൽ ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കാനായിട്ടുണ്ട്. ഖാദി ഉല്പാദന കേന്ദ്രങ്ങൾ പ്രവർ ത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളേയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ